**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5122** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഹരിത കേരളം മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ ഹരിത കേരളം മിഷൻ പ്രകാരം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ? | (എ) | ഇടുക്കി ജില്ലയിൽ ഹരിതകേരളം മിഷൻ ജല ഉപമിഷന്റെ ഭാഗമായി സർക്കാർ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിലേയും ഏജൻസികളിലേയും പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ച സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നീർത്തട പ്ലാനുകൾ തയ്യാറാക്കി. ഹരിതകേരളം മിഷൻ "ഇനി ഞാനൊഴുകട്ടെ" എന്ന പേരിൽ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കിയ നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് കാമ്പയിന്റെ ഭാഗമായി 662 കി.മീ. നീർച്ചാലുകളുടെ പുനരുജ്ജീവനം സാധ്യമാക്കി. ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രാഥമിക ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി 5 എം.എൽ.എ. മാരുടെ പ്രത്യേക ആസ്തി വികസന ഫണ്ടിൽ നിന്നും 46.92 ലക്ഷം രൂപ ഉപയോഗിച്ച് 36 ഹയർസെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം നടന്നു വരുന്നു. ജനപങ്കാളിത്തത്തോടെ കേരളത്തിലെ വിഭവങ്ങളും പൊതുസ്വത്തുകളും മാപ്പ് ചെയ്യുന്നതിനുവേണ്ടി സർക്കാർ രൂപീകരിച്ചിട്ടുള്ള മാപ്പത്തോൺ ഓപ്പൺ സ്ട്രീറ്റ് മാപ്പിംഗിലൂടെ ജില്ലയിലെ 80 ശതമാനത്തോളം നീർച്ചാലുകൾ മാപ്പിംഗ് നടത്തി. പുഴയോരങ്ങൾ സംരക്ഷിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും മുള, രാമച്ചം, തീറ്റപ്പുല്ല് എന്നിവ നട്ടുപിടിപ്പിക്കുന്ന പദ്ധതി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നുവരുന്നു. ഇതുകൂടാതെ വിവിധ സർക്കാർ വകുപ്പുകളുടേയും തൊഴിലുറപ്പ് പദ്ധതിയുൾപ്പെടെയുള്ള വിവിധ ഏജൻസികളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ ഹരിതകേരളം മിഷന്റെ ഭാഗമായുള്ള ജലസംരക്ഷണ പ്രവൃത്തികൾ |

നടന്നുവരുന്നുണ്ട്. ഹരിതകേരളം മിഷൻ -കൃഷി ഉപമിഷന്റെ (സുജലം, സുഫലം) ഭാഗമായി ലക്ഷ്യമിടുന്ന ജൈവ കൃഷി രീതിയിലൂടെ പച്ചക്കറി, ഫലവർഗ്ഗ വിളകളുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തതയും സംയോജിത കൃഷി രീതി എന്നിവയുടെ ഭാഗമായി വാർഡുകളെ ഹരിതസമൃദ്ധി വാർഡുകളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. മണക്കാട്, കുമളി എന്നീ പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചു. കുമളി, ശാന്തൻപാറ, മണക്കാട്, പുറപ്പുഴ, നെടുങ്കണ്ടം, അടിമാലി എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഓരോ വാർഡുകളെ ഹരിത സമൃദ്ധി വാർഡുകളാക്കി. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി അനുയോജ്യമായ ഇടങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന 43 പച്ചത്തുരുത്തുകൾ വിവിധ തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ പരിപാലിച്ചുവരുന്നു. കട്ടപ്പന ഗവ. ഐ.ടി.ഐ. ഹരിത കാമ്പസാക്കി മാറ്റുന്നതിന്റെ ഭാഗമായി കാമ്പസിനുള്ളിലെ മുഴുവൻ അജൈവ വസ്തുക്കളും ശേഖരിച്ചു. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി പ്രത്യേക ബിന്നുകൾ സ്ഥാപിച്ചു. കാർഷിക ഉപകരണങ്ങൾ വാങ്ങി. തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് പ്രവർത്തി ഏറ്റെടുത്ത് നടത്തി വരുന്നു. ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷനുമായി ബന്ധപ്പെട്ട് അജൈവ മാലിന്യം വാതിൽപ്പടി ശേഖരണം നടത്തുന്നതിന് 50 ഗ്രാമപഞ്ചായത്തുകളിലും 2 നഗരസഭകളിലും 1355 അംഗങ്ങൾ ഉള്ള ഹരിതകർമ്മസേന, കുടുംബശ്രീ സംരംഭ ഗ്രൂപ്പുകളായി പ്രർത്തിച്ചുവരുന്നു. (ഇടമലക്കുടി, വട്ടവട എന്നീ ഗ്രാമപഞ്ചായത്തുകൾ ഒഴികെ) ജൈവ മാലിന്യം സംസ്കരിക്കുന്നതിന് 16 ഗ്രാമപഞ്ചായത്തുകളിലും 2 നഗരസഭകളിലും കമ്യൂണിറ്റി കമ്പോസ്റ്റിനുള്ള സംവിധാനം നിലവിലുണ്ട്. അജൈവ പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിന് 45 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 55 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും 7 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും ജില്ലയിൽ പ്രവർത്തനക്ഷമമാണ്. ശുചിത്വ പദവി നിർണ്ണയത്തിന് 12.08.2020 ലെ 1497/2020/ത.സ്വ.ഭ.വ. നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കിയ 39 ഗ്രാമപഞ്ചായത്തുകൾക്കും 2 നഗരസഭകൾക്കും സർക്കാർ ശുചിത്വ പദവി നൽകിയിട്ടുണ്ട്. കൂടാതെ സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഹരിത ചട്ടംപാലിക്കുന്ന 161 ജില്ലാതല സ്ഥാപനങ്ങൾക്കും

616 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഗ്രീൻ സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. വാഗമൺ പ്രദേശത്ത് സമഗ്ര ഹരിത ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിന് "വഴികാട്ടാൻ വാഗമൺ" എന്ന പദ്ധതി ഏലപ്പാറ ഗ്രാമപഞ്ചായത്ത് ഹരിതകേരളം മിഷൻ പദ്ധതിയിലൂടെ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. മാലിന്യ സംസ്കരണ ശീലം സഞ്ചാരികളിൽ വളർത്തിയെടുക്കുക, ടൂറിസം മേഖലയിൽ സമ്പൂർണ്ണ ശുചിത്വം ഉറപ്പുവരുത്തുക, ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. രാഷ്ട്രീയ രംഗത്തെ പ്രമുഖർ, ജനപ്രതിനിധികൾ, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആസൂത്രണ വകുപ്പ്, ജില്ലാ ടൂറിസം കൗൺസിൽ, വനം, പോലീസ് തുടങ്ങിയ വകുപ്പുകളുടെ സഹായത്തോടെയാണ് ഈ പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. വാഗമണ്ണിലേക്കുള്ള 5 കവാടങ്ങളിൽ ഹരിതചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുകയും വിനോദ സഞ്ചാരികളിൽ നിന്നും മാലിന്യ ശേഖരണം നടത്തുന്നതിന് ഹരിത കർമ്മസേനയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. യൂസർഫീ ഈടാക്കിയാണ് ഈ പ്രവർത്തനം നടത്തി വരുന്നത്. ഇടുക്കി ജില്ലാ പഞ്ചായത്ത്, ജില്ലാ കളക്ടർ, ഇടുക്കി എം.പി., ദേവികുളം എം.എൽ.എ., അടിമാലി, ദേവികുളം ബ്ലോക്ക് പഞ്ചായത്തുകൾ, അടിമാലി, പള്ളിവാസൽ, മൂന്നാർ, ദേവികുളം, മറയൂർ, കാന്തല്ലൂർ, ചിന്നക്കനാൽ എന്നീ പഞ്ചായത്തുകൾ എന്നിവരുമായി സഹകരിച്ച് ഹരിതേകരളം മിഷൻ "ഹരിതമൂന്നാർ" പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിലേക്കുള്ള വിശദമായ പദ്ധതി രേഖയും ബൈലോയും തയ്യാറാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണ രംഗത്ത് കുട്ടികളുടേയും യുവാക്കളുടേയും പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂളുകളിലും കോളേജുകളിലും പ്രകൃതി സൗഹൃദ പെട്ടികൾ സ്ഥാപിച്ച്'പെൻഫ്രണ്ട്സ്" എന്ന പദ്ധതിയിലൂടെ ഉപയോഗശേഷമുള്ള പ്ലാസ്റ്റിക് പേനകൾ ശേഖരിക്കുകയാണ്. കൂടാതെ മാലിന്യ പരിപാലനത്തിലെ അടിസ്ഥാന തത്വങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിന് 'തിരിച്ചെടുക്കാം വലിച്ചെറിയാതെ' എന്ന കാമ്പയിനും നടത്തിവരുന്നു. ഇതുകൂടാതെ ഹരിതകേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിശ്ചയിച്ചിട്ടുള്ള ഗവൺമെൻറ് ഓഫ് ഇന്ത്യ ജെഫ് (GEF) -യു.എൻ.ഡി.പി. സംയുക്തമായി നടത്തി വരുന്ന അഞ്ചുനാടിനും സമീപ ഭൂവ്യവസ്ഥക്കും വേണ്ടിയുള്ള സുസ്ഥിര ഉപജീവന പദ്ധതിയുടെ ഭാഗമായി ഇടുക്കി

| | | | |
|---|---|---|---|
| | | | ജില്ലയിലെ വട്ടവട, കാന്തല്ലൂർ, മറയൂർ, ചിന്നക്കനാൽ, മൂന്നാർ, ദേവികുളം, ഇടമലക്കുടി, മാങ്കുളം, അടിമാലി എന്നീ പഞ്ചായത്തുകളിൽ താഴെ പറയുന്ന വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു. 1. 345 ഏക്കറിലായി പരമ്പരാഗത ഇനത്തിലുള്ള നെല്ലും ചെറുധാന്യങ്ങളും കൃഷി ചെയ്യുന്നു. 1160 കർഷകർ ഇതിൽ പങ്കാളികളാണ്. 2. സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ചുകൊണ്ട് ജൈവ വൈവിധ്യ സംരക്ഷണത്തിനും സുസ്ഥിര ഉപജീവന മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 11 സ്റ്റാർട്ട് അപ്പുകൾക്കും തുടക്കം കുറിച്ചു. 3. ഔഷധ സസ്യങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി മറയൂർ, കാന്തല്ലൂർ മേഖലയിൽ 1800 കുടുംബങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിന് തുടക്കം കുറിച്ചു. 4. 9 ഗ്രാമപഞ്ചായത്തുകളിൽ സി.ഡബ്ല്യു.ആർ.ഡി.എം. മായി സഹകരിച്ച് സംയോജിത ജലവിഭവ പരിപാലന പ്ലാൻ തയ്യാറാക്കി. 5. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി സഹകരിച്ച് 8 ഗ്രാമപഞ്ചായത്തുകളിൽ 57 സേവന ദാതാക്കൾക്ക് ശേഷിവികസന പരിശീലനം സാധ്യമാക്കി. 6. ഈ പദ്ധതിയുടെ ഭാഗമായി മറയൂർ, കാന്തല്ലൂർ മേഖലയിലെ പട്ടിക വർഗ്ഗ വിഭാഗത്തിലെ 5 വിദ്യാർത്ഥികൾക്ക് ബാംഗ്ലൂരിലെ വുഡ് സയൻസ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു വർഷത്തെ പരിശീലനം നൽകി തൊഴിലുറപ്പാക്കി. 7. സി-ഡിറ്റുമായി സഹകരിച്ച് പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗത്തിലെ 18 കുട്ടികൾക്ക് വിഷ്വൽ മീഡിയ കോഴ്സിൽ പരിശീലനം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ